പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8083

17.07.2014-ൽ മറുപടിക്ക്

# പ്രമേഹരോഗം നിയന്ത്രിക്കുന്നതിന് നടപടികൾ

ചോദ്യം

മറുപടി

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) കേരളത്തിലുള്ള പ്രമേഹരോഗികളുടെ ശരിയായ കണക്ക് ലഭ്യമാണോ ;

(എ) സംസ്ഥാനത്ത് പ്രമേഹ രോഗികളെ സംബന്ധിച്ച വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച സാമ്പിൾ സർവ്വേ കണക്കുകൾ മാത്രമേ ഇന്ന് ലഭ്യമുള്ളൂ. ഇത് ഒരു നിശ്ചിത ജനസംഖ്യയിൽ നടത്തപ്പെട്ട സർവ്വേയുടെ വെളിച്ചത്തിൽ പ്രതിപാദിക്കപ്പെടുന്നതും ഒരു സ്ഥിതി വിവര കണക്കായി അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. സംസ്ഥാന ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി 30 വയസ്സിന് മുകളിൽ പ്രായമായവർക്ക് നടത്തിയ സ്ക്രീനിംഗിൽ ഒരു കോടിയിൽ പരം ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാവുകയും ഇതിൽ കാണപ്പെട്ട പുതിയ പ്രമേഹ രോഗികളുടേയും തുടർ ചികിത്സ ലഭിക്കുന്നവരുടേയും കണക്ക് ആരോഗ്യ വകുപ്പിന് ലഭ്യമാണ്.

(ബി) പ്രമേഹ രോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രമേഹ രോഗം ആരംഭ ദിശയിൽ തന്നെ കണ്ടെത്തുന്നതിനും, രോഗ സാദ്ധ്യതയുള്ള ജനങ്ങളെ മുൻകൂട്ടി നിർണ്ണയിക്കുന്നതിനും, 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും പ്രമേഹ രോഗ നിർണ്ണയത്തിനായി സ്ക്രീനിംഗ് നടത്തുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതിയായ "സംസ്ഥാന ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി" (അമൃതം ആരോഗ്യം) 2011-12 മുതൽ നടപ്പിലാക്കി വരുന്നു. രോഗ സാദ്ധ്യത കണ്ടെത്തുന്ന ജനങ്ങൾക്ക് വിദഗ്ധ സമിതി തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള ചികിത്സയും മരുന്നും ബോധവൽക്കരണവും സൗജന്യമായി നൽകി വരുന്നു.

(.....2)

| | | | |
|---|---|---|---|
| (സി) | പ്രമേഹരോഗികൾക്കുള്ള മരുന്ന് സൗജന്യമായി നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അതെക്കുറിച്ച് ആലോചിക്കുമോ ; | (സി) | ഉണ്ട്. അമൃതം ആരോഗ്യം പദ്ധതിയുടെ ഭാഗമായി വിദഗ്ധ സമിതി തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരം ഇൻസുലീൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായിട്ടാണ് നൽകി വരുന്നത്. ഇതിന് പുറമേ വാർഷിക ഇൻഡന്റ് പ്രകാരമുള്ള പ്രമേഹ മരുന്നുകളും സൗജന്യമായാണ് ആരോഗ്യ വകുപ്പ് വിതരണം ചെയ്യുന്നത്. |
| (ഡി) | പ്രമേഹരോഗം നിയന്ത്രിക്കുന്നതിന് അവബോധം അത്യന്താപേക്ഷിതമായിരിക്കെ ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ജീവിതശൈലീ രോഗങ്ങളിൽ പ്രധാനമായ പ്രമേഹം ഓരോ വ്യക്തിയുടെയും ഭക്ഷണവും വ്യായാമവും ശീലങ്ങളും ഉൾപ്പെടുന്ന ജീവിത സാഹചര്യങ്ങളുടെ അടിസ്ഥാനമായിട്ടാണ് ഉണ്ടാവുന്നത്. അതുകൊണ്ടുതന്നെ ആരോഗ്യ ബോധവൽക്കരണം അത്യന്താപേക്ഷിതമാണെന്ന വസ്തുത ഉൾക്കൊണ്ടുകൊണ്ട് അമൃതം ആരോഗ്യം പദ്ധതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നത്. ശരിയായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളിൽ നിന്നുള്ള മുക്തി എന്നീ വിഷയങ്ങളെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകർ മുഖേന നടത്തി വരുന്നു. സ്കൂൾ കുട്ടികൾക്ക് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി LEAP (Life Style Education and Awareness Programme) എന്ന ആരോഗ്യ ബോധന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പത്രമാധ്യമങ്ങളിലും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലും ഈ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് (ഐ.ഐ.ഡി) -ന്റെ നേതൃത്വത്തിൽ പ്രമേഹം മുൻകൂട്ടി കണ്ടെത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള പ്രചരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ